(ഇ) എങ്കിൽ അതിനുള്ള കാരണമെന്തെന്നു പറയുമോ; ഇതിന് എപ്രകാരം പരിഹാരമുണ്ടാക്കാമെന്നാണ് കരുതുന്നത്?

ഉത്തരം

(എ) ഉദ്ദേശം 232 കി.മീ. നീളത്തിൽ.

(ബി) എ, ബി, സി, ഡി, ഇ, എഫ്, ജി എന്നിങ്ങനെ 7 ബ്ലോക്കുകളായി തരംതിരിച്ചിരിക്കുന്നു. ഇതിൽ 'എ' മുതൽ 'ഇ' വരെയുള്ള ബ്ലോക്കുകളിൽ മാത്രമാണ് സ്വീവേജ് ലൈൻ സ്ഥാപിച്ചിരിക്കുന്നത്. 'എ' ബ്ലോക്ക് 60 വർഷവും 'ബി' ബ്ലോക്ക് 40 വർഷവും 'സി' ബ്ലോക്ക് 35 വർഷവും ആയി നിലവിലുണ്ട്. 'ഡി' ബ്ലോക്ക് 1994-2004 ലും 'ഇ' ബ്ലോക്ക് 2004-ലും (ഭാഗികമായി) കമ്മീഷൻ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ടാകാറുണ്ട്.

(ഇ) മലിനജലം മാത്രം കടന്നുപോകേണ്ട പൈപ്പുകളിൽ ഖരരൂപത്തിലുള്ള മാലിന്യങ്ങൾ ഒഴുക്കു തടസ്സപ്പെടുത്താറുണ്ട്. ഇത് പലപ്പോഴും മാൻഹോളുകൾ കവിഞ്ഞൊഴുകാനിടയാക്കും. കൂടാതെ ചില സ്ഥലങ്ങളിൽ 35 മുതൽ 60 വർഷം വരെ പഴക്കമുള്ള സ്വീവറുകളാണ് നിലവിലുള്ളത്. അനിയന്ത്രിതമായ ജനബാഹുല്യവും പൈപ്പിന്റെ വ്യാസക്കുറവും മഴവെള്ളം വീടുകളിൽ നിന്നും കടത്തിവിടുന്നതും മാൻഹോളുകൾ കവിഞ്ഞൊഴുകുന്നതിന് കാരണമാകുന്നുണ്ട്. മാൻഹോളുകൾ നിറഞ്ഞു കവിയാൻ നഗരത്തിലെ ബഹുനില കെട്ടിടങ്ങൾ വഹിക്കുന്ന പങ്ക് നിസ്സാരമല്ല.

ജനപ്പെരുപ്പത്തിനനുസരിച്ച് ഡ്രെയിനേജ് സംവിധാനം വിപുലീകരിക്കുകയും (വ്യാസം കുറഞ്ഞ പൈപ്പുകൾ വ്യാസം കൂട്ടുക) ഖരരൂപത്തിലുള്ള മാലിന്യങ്ങളും മഴവെള്ളവും ഡ്രെയിനേജ് സംവിധാനത്തിലേക്ക് കടക്കാതിരിക്കാൻ ജനങ്ങൾ ശ്രദ്ധിക്കുകയുമാണെങ്കിൽ മാൻഹോളുകൾ കവിഞ്ഞൊഴുകുന്നത് ഒരു പരിധിവരെ തടയാവുന്നതാണ്.

തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലവിതരണ പൈപ്പുകളും ഡ്രെയിനേജു പൈപ്പുകളും ഇട്ടിട്ടുള്ളതിന്റെ പ്ലാൻ

56 [2525] ശ്രീ. ജി. കാർത്തികേയൻ :
,, സി. പി. മുഹമ്മദ് :
,, എൻ. ഡി. അപ്പച്ചൻ :
,, എം. എം. ഹസ്സൻ :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലവിതരണ പൈപ്പുകളും ഡ്രെയിനേജ് പൈപ്പുകളും ഇട്ടിട്ടുള്ളതിന്റെ പ്ലാൻ വാട്ടർ അതോറിറ്റിയുടെ പക്കൽ ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഗര വികസനത്തിന്റെ ഭാഗമായി പുതുതായി പൈപ്പിട്ടപ്പോൾ അതിനുവേണ്ടി കുഴിച്ചവർക്ക് പ്രസ്തുത പൈപ്പുകളിട്ടതിന്റെ പ്ലാൻ നൽകിയിരുന്നുവോ;

(സി) പുതുതായി പൈപ്പിടുന്നതിന് കുഴിയെടുത്തപ്പോൾ മുമ്പ് ഇട്ടിരുന്ന പൈപ്പ് പൊട്ടിയിട്ടുണ്ടോ;

(ഡി) പൈപ്പ് ലൈനിന്റെ പ്ലാൻ നഗര വികസനാർത്ഥമുള്ള പണി ചെയ്തവർക്ക് കൊടുത്തിരുന്നെങ്കിൽ മുൻപിട്ട പൈപ്പുകൾ പൊട്ടാനിടയായ സാഹചര്യം ഒഴിവാക്കാമായിരുന്നില്ലെ; വിശദീകരണം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്ലാൻ നൽകിയിരുന്നു.

(സി) ഇല്ല.

(ഡി) പുതുതായി പൈപ്പിടുന്ന സമയത്ത് പ്രധാന പൈപ്പ് ഒന്നും പൊട്ടിയിട്ടില്ല. എന്നാൽ ഹൗസ് കണക്ഷനുകളുടെ വിശദാംശം പ്ലാനിൽ ഉൾപ്പെടാത്തതിനാൽ ഇവയിൽ ലീക്കുകൾ ഉണ്ടായിട്ടുണ്ട്. അത് നഗര വികസന ചുമതലയുള്ളവർ ഉടൻ തന്നെ പരിഹരിച്ചിട്ടുണ്ട്.

ജലവിതരണ പൈപ്പുപൊട്ടൽ

57 [2526] ശ്രീ. ബി വിജയകുമാർ :
,, എം. എ. വാഹീദ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എം. മുരളി :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ഒരു ദിവസം ജലവിതരണ പൈപ്പു പൊട്ടൽ സംബന്ധിച്ച എത്ര പരാതികൾ വാട്ടർ അതോറിറ്റിക്കു കിട്ടാറുണ്ട്;

(ബി) ഒരു ദിവസം ശരാശരി എത്ര പൈപ്പു പൊട്ടൽ സംബന്ധിച്ച അറ്റകുറ്റ പണികൾ തീർക്കാറുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഒരു പൈപ്പു പൊട്ടൽ സംബന്ധിച്ച് അറ്റകുറ്റ പണി തീർക്കുന്നതിനു ശരാശരി എത്ര ദിവസം വേണ്ടിവരുമെന്ന് അറിയിക്കുമോ;

(ഡി) ഒരു പൈപ്പു പൊട്ടലിന്റെ ഫലമായി ശരാശരി എത്ര ലിറ്റർ കുടിവെള്ളം നഷ്ടപ്പെട്ടിരിക്കും എന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly